പതിനാലാം കേരള നിയമസഭ

13-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1436 03.12.2018-ൽ മറുപടിക്ക്

നെൽവയൽ തണ്ണീർത്തട നിയമത്തിലെ ഭേദഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.എം. വിൻസെന്റ്<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. കെ.എസ്.ശബരീനാഥൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പരിസ്ഥിതി വിരുദ്ധമായ നെൽവയൽ തണ്ണീർത്തട നിയമത്തിലെ ഭേദഗതി, ക്വാറിയിൽ നിന്നുമുള്ള ദൂരപരിധി കുറച്ച നടപടി മുതലായവ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പിൻവലിക്കാൻ ആലോചിച്ചിട്ടുണ്ടോ; | (എ) ഇല്ല |
| (ബി) ഭാവിയിൽ പ്രകൃതി ദുരന്തങ്ങൾ തടയുന്നതിനായി പുതിയ നിയമ നിർമ്മാണങ്ങൾ ആലോചനയിലുണ്ടോ; | (ബി) ഇല്ല |
| (സി) വ്യാപകമായ വയൽ നികത്തലും അനധികൃത ക്വാറി പ്രവർത്തനങ്ങളും അനധികൃത കെട്ടിടങ്ങളും പ്രളയത്തിന്റെ ആക്കം കൂട്ടി എന്നത് വസ്തുത യായിരിക്കെ ആയതു തടയാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) അനധികൃതമായി വയൽ നികത്തലും അനധികൃത ക്വാറി പ്രവർത്തനങ്ങളും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആയത് തടയുന്നതിനും നിയമലംഘനം നടത്തുന്നവർക്കുമെതിരെ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരവും, കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് പ്രകാരവും നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ